പഞ്ചായത്താഫീസറന്മാരുടെ നിയമനം.

* 196. [3] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്താഫീസറന്മാരുടെ നിയമനം സംബന്ധിച്ച് ഗവണ്മെന്റ് ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്താണെന്ന വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ പഞ്ചായത്തു ക്ലാർക്കന്മാരായി ജോലി നോക്കി വരുന്നവരെത്തന്നെ പഞ്ചായത്താഫീസറന്മാരായി നിയമിക്കുവാൻ ഗവണ്മെന്റ് നടപടികൾ സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിലെ 548 പഞ്ചായത്തുകളിലേയ്ക്ക് ഓരോ പഞ്ചായത്തിനും ഓരോ പഞ്ചായത്താഫീസറെ വീതം നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്. ഇതിൽ 137 പേർ 45–75 ശ്രേ. ഗ്രേഡിലും ബാക്കി 411 പേർ 30–45 ശ്രേ. ഗ്രേഡിലും ആണ്. അതിൻപ്രകാരം യോഗ്യതയുള്ളവരെ തിരഞ്ഞെടുക്കുവാൻ പബ്ലിക്ക് സർവീസ് കമ്മിഷൻ വേണ്ട നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നു. ഇതിൽ 45–75 ശ്രേ. ഗ്രേഡിലുള്ളവരുടെ നാമനിർദ്ദേശങ്ങൾ പബ്ലിക്ക് സർവീസ് കമ്മിഷൻ പഞ്ചായത്തു ഡയറക്ടർക്ക് കൊടുത്തു കഴിഞ്ഞു. 30-45 ഗ്രേഡിലുള്ളവരെ തിരഞ്ഞെടുക്കുവാൻ ഇന്റർവ്യൂ 5–9–1955 മുതൽ തുടങ്ങി.

(സി) നിശ്ചിത പരീക്ഷായോഗ്യതയുള്ളവരും 45 വയസ്സിൽ കവിയാത്തവരും പഴയ തിരുവിതാംകൂർ സംസ്ഥാനത്തിൽപ്പെട്ട പഞ്ചായത്തുകളിലേയും വില്ലേജ് യൂണിയനുകളിലേയും ജീവനക്കാരെ പഞ്ചായത്താഫീസന്മാരായി നിയമിക്കാൻ വ്യവസ്ഥ ചെയ്യിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ : ഇതിനകം എത്രപേരെ നിയമിച്ചിട്ടുണ്ട് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഏതാണ്ട് 182 പേരെ നിയമിച്ചിട്ടുണ്ട് എന്നാണ് തോന്നുന്നത്.

ശ്രീ. വി. ശ്രീധരൻ : ഈ 182 പേരിൽ, ഇപ്പോൾ പഞ്ചായത്തുകളിലോ മറ്റോ ക്ലാർക്കന്മാരായിരിക്കുന്ന ആരെങ്കിലും ഉൾപ്പെട്ടുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല; പഞ്ചായത്തുകളിലെ ഹയർഗ്രേഡിലുള്ള, അതായത് 45–75 ഗ്രേഡിലുള്ള ക്ലാർക്കന്മാരുടെ നിയമനങ്ങളാണ് ഇപ്പോൾ നടത്തിയിട്ടുള്ളത്.

ശ്രീ. വി. ശ്രീധരൻ : പഞ്ചായത്തു ആഫീസറന്മാരായി, ഇപ്പോൾ പഞ്ചായത്തുകളിൽ ജോലി നോക്കുന്ന ക്ലാർക്കന്മാരെ മാത്രം തിരഞ്ഞെടുക്കാൻ നിർദ്ദേശം നൽകുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ലോക്കൽ ബാഡീസിൽ ഇരുന്നു പരിചയം സിദ്ധിച്ചിട്ടുള്ള ആളുകൾക്കു, നിർദ്ദിഷ്ട പരീക്ഷായോഗ്യതയും കൂടി ഉള്ളപക്ഷം, അവക്ക് പ്രിഫറൻസു കൊടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശ്രീധരൻ : പഞ്ചായത്ത് ക്ലാർക്കന്മാരുടെ സംഘടന ഇക്കാര്യത്തെ സംബന്ധിച്ച് ഒരു മെമ്മോറാണ്ടം നൽകിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ട്.

ശ്രീ. വി. ശ്രീധരൻ : അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു ഗവണ്മെൻറാലോചനയിലിരിക്കുകയാണ്.

ശ്രീ. പ്രാക്കുളം ഭാസി : ഇപ്പോൾ തിരഞ്ഞെടുക്കുന്ന ക്ലാർക്കന്മാർക്ക് എന്തു കപ്പാളിഫിക്കേഷനാണ് നിശ്ചയിച്ചിട്ടുള്ളത്?

ശ്രീ. കെ. കൊച്ചുകുട്ടൻ : സ്സ്റ്റഡിഫൈനൽ പാസ്സായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ശ്രീ. പ്രാക്കുളം ഭാസി : മിനിമം കപ്പാളിഫിക്കേഷൻ ഇല്ലാത്ത ആളുകളെ നിയമിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. കെ. എ. ശിവരാമഭാരതി : പഴയ കൊച്ചിയിൽ പഞ്ചായത്ത് ക്ലാർക്കന്മാരായിരുന്ന ആളുകൾ ഇപ്പോഴും തുടരുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇപ്പോഴും അവർ ക്ലാർക്കന്മാരായി ജോലി നോക്കിവരികയാണ്.

മദ്യനിരോധനാന്വേഷണക്കമ്മീഷൻ.

* 197. [4] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനിരോധനാന്വേഷണക്കമ്മീഷൻ ഈ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കമ്മീഷൻറെ മുമ്പാകെ മദ്യനിരോധനം സംബന്ധിച്ച് ഗവണ്മെൻറ് വല്ല നിർദ്ദേശങ്ങളും സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു് എന്താണെന്നു വെളിപ്പെടുത്തുമോ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) സന്ദർശിച്ചിട്ടുണ്ട്.

(ബി) കമ്മീഷൻറെ മുമ്പാകെ ഗവണ്മെൻറ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(സി) നിർദ്ദേശങ്ങളുടെ പകർപ്പ് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

ശ്രീ. വി. ശ്രീധരൻ : ഈ നിർദ്ദേശത്തിൽ തിരുവിതാംകൂർ-കൊച്ചിയിൽ ഒട്ടാകെ മദ്യനിരോധനം ഏർപ്പെടുത്തണമെന്നു് രേഖപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം : ഉണ്ട്.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly